## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4980 — 27/06/2019-ൽ മറുപടിക്ക്

## പരിസ്ഥിതി കോൺഗ്രസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | 2018-ലെ പരിസ്ഥിതി കോൺഗ്രസ് എവിടെ വച്ചാണ് സംഘടിപ്പിച്ചത്; ഇതിനായി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 2018 മാർച്ച് 20 മുതൽ 22 വരെ എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകാര്യം, തിരുവനന്തപുരത്ത് വച്ച് കേരള എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ്ചേഞ്ച് കോൺഗ്രസ് നടത്തുകയുണ്ടായി ഇതിലേയ്ക്കായി ആകെ 7,43,176/- രൂപ ചെലവായിട്ടുണ്ട്. ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ഭക്ഷണം, താമസം - 2,74,728<br>യാത്രാചെലവ് - 1,39,885<br>ഗിഫ്റ്റ്, മൊമന്റോ - 2,12,549<br>പ്രിന്റിംഗ്, ഫോട്ടോ, വീഡിയോ - 78,950<br>മറ്റ് ചെലവുകൾ - 37,064 |
| (ബി) | പ്രസ്തുത പരിപാടി നടത്തിയതിന്റെ കണക്കുകൾ ക്രമീകരിച്ചിട്ടുണ്ടോ; ആയത് ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. പ്രസ്തുത പരിപാടി നടത്തിയതിന്റെ മുഴുവൻ ബില്ലുകളും ട്രഷറിയിൽ ഹാജരാക്കി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. ഈ കാര്യാലയത്തിൽ 2019 ജനുവരി 31 വരെയുള്ള ധനവിനിയോഗം അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിംഗ് നടത്തിയിട്ടുമുണ്ട്. |
| (സി) | പരിസ്ഥിതി കോൺഗ്രസിനായി അനുവദിയ്ക്കപ്പെട്ടതും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലെ വിവിധ പ്രോജക്ടു | (സി) | പരിസ്ഥിതി കോൺഗ്രസിനായി അനുവദിക്കപ്പെട്ടതും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലെ വിവിധ പ്രോജക്ടുകൾക്ക് |

| | | | |
|---|---|---|---|
| | കൾക്ക് ലഭിച്ചതുമായ സർക്കാർ ഫണ്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സ്വകാര്യ അക്കൗണ്ടിൽ നിക്ഷേപിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടി അറിയിക്കുമോ? | | ലഭിച്ചതുമായ സർക്കാർ ഫണ്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഒരു ഉദ്യോഗസ്ഥന്റെയും പേരിലുള്ള സ്വകാര്യ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**